(ബി) അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) അഭിലാഷിന്റെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് മീനാപ്പീസ് കടപ്പുറത്തെ അഭിലാഷിന്റെ വധവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് Crime No.210/CR/HHW-III/ KKD/ 2014 നമ്പർ കേസിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ബി) അന്വേഷണം പൂർത്തീകരിച്ച് താമസംവിനാ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

ആലപ്പുഴ സായി കേന്ദ്രത്തിലെ ആത്മഹത്യ

205 (209) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ സായി കേന്ദ്രത്തിൽ ഉണ്ടായ ആത്മഹത്യയെക്കുറിച്ചും ആത്മഹത്യാശ്രമത്തെക്കുറിച്ചും ആഭ്യന്തരവകുപ്പ് അന്വേഷിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(സി) ഒറ്റപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന സായി ഹോസ്റ്റലിന്റെ സുരക്ഷയ്ക്ക് ആഭ്യന്തര വകുപ്പ് എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്വേഷണം നടന്നുവരുന്നുണ്ട്. ആലപ്പുഴ സായി കേന്ദ്രത്തിൽവച്ച് ദേശീയ കായികതാരങ്ങളായ അപർണ്ണാരാമചന്ദ്രൻ, സബിത, ശില്പ, ടീസ എന്നിവർ 6-5-2015 വൈകിട്ട് മൂന്ന് മണിയോടുകൂടി വിഷംകഴിച്ച നിലയിൽ കാണപ്പെടുകയും, ഇതിനെത്തുടർന്ന് അപർണ്ണ എന്ന പെൺകുട്ടി മരണപ്പെടുകയും ആയതിന് ആലപ്പുഴ നോർത്ത് പി.എസ്.ക്രൈം. 554/15 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസിന്റെ ഇപ്പോഴത്തെ അന്വേഷണം ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. നടത്തിവരുന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി കേസിന്റെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണത്തിൽ ആരെയെങ്കിലും കുറ്റക്കാരായി കണ്ടെത്തുകയാണെങ്കിൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഒറ്റപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന സായി ഹോസ്റ്റലിന്റെ സുരക്ഷയ്ക്ക് ടൂറിസം പോലീസിന്റെ സഹായത്തോടെ ബോട്ട് പട്രോളിംഗ് നടത്തുന്നതാണ്.

നിർഭയ കേരളം സുരക്ഷിത കേരളം

206 (210) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സ്ത്രീ സുരക്ഷയ്ക്കായി ആവിഷ്കരിച്ച 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിരുന്നത് ; ഇതിനകം എന്തെല്ലാം കാര്യങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചതിനുശേഷം സ്ത്രീകൾക്കെതിരെയുണ്ടായ ആക്രമണങ്ങൾ/പീഡനങ്ങൾ/ബലാത്സംഗങ്ങൾ എന്നിവ എത്ര വീതമാണ് ;

(ഡി) സ്ത്രീധനത്തിന്റെ പേരിൽ കൊല്ലപ്പെട്ട സ്ത്രീകൾ എത്രയാണ്, ബലാത്സംഗങ്ങളുടെയും പീഡനങ്ങളുടെയും ഫലമായി ആത്മഹത്യ ചെയ്യുകയോ കൊല്ലപ്പെടുകയോ ചെയ്ത കേസുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'നിർഭയ കേരളം സുരക്ഷിത കേരളം'. സ്ത്രീ പീഡനവും സ്ത്രീധനത്തിന്റെ പേരിലുള്ള അതിക്രമങ്ങളും ഗാർഹിക പീഡനങ്ങളും പൊതുസ്ഥലങ്ങളിൽവച്ച് സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന അതിക്രമങ്ങളും അവസാനിപ്പിച്ച് സ്ത്രീകൾക്ക് ഏതുസമയത്തും എവിടെയും സുരക്ഷിതമായി കഴിയാനുള്ള സാഹചര്യമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി ഏഴ് കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. 2014-15-ൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ മാത്രമാണ് ഉപധനാഭ്യർത്ഥനവഴി അനുവദിച്ചത്.

(സി) ആക്രമണങ്ങൾ/പീഡനങ്ങൾ - 15842

ബലാത്സംഗങ്ങൾ - 1703

(ഡി) സ്ത്രീധനത്തിന്റെ പേരിൽ കൊല്ലപ്പെട്ട സ്ത്രീകൾ - 15

ബലാത്സംഗങ്ങളുടെയും പീഡനങ്ങളുടെയും ഫലമായി ആത്മഹത്യ ചെയ്യുകയോ കൊല്ലപ്പെടുകയോ ചെയ്ത കേസുകളുടെ എണ്ണം - 33

LIBRARY ARCHIVES Kerala Legislative Assembly